**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 517 **28.09.2016**-ലെ മറുപടിക്ക്

**പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഭൂമി, ഭവനം, വൈദ്യുതി ഇവ ഇല്ലാത്തവർ, ശുദ്ധമായ കുടിവെള്ളം ലഭിക്കാത്തവർ, ജനിതക രോഗങ്ങൾ ബാധിച്ചവർ, ഗതാഗത സൗകര്യമില്ലാത്തവർ തുടങ്ങി കഷ്ടത അനുഭവിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ഒരു സമഗ്ര ഉന്നമന പാക്കേജ് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതി, കുടിവെള്ളം ഗതാഗത സൗകര്യം എന്നിവ യൊരുക്കുന്നതിന് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയും ഭൂമി, ഭവനം എന്നിവയ്ക്ക് പ്രത്യേക പദ്ധതികളുമുണ്ട്. സിക്കിൾ സെൽ അനീമിയ പോലുള്ള രോഗങ്ങൾ ബാധിച്ചവർക്കുള്ള പ്രത്യേക പദ്ധതി നിലവിലുണ്ട്. ഇവയ്ക്ക് പുറമേ കോർപസ് ഫണ്ടും പൂൾസ് ഫണ്ടും ഉപയോഗിച്ചും വിവിധ വികസന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഇവ സംയോജിപ്പിച്ച് കോളനി വികസനം, ഹാംലെറ്റ് വികസന പദ്ധതികൾ ഒരു പാക്കേജായി നടത്തി വരുന്നുണ്ട്. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാതെ ചൂഷണത്തിന് ഇരയാകുന്ന സാഹചര്യം ഒഴിവാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് തുക ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ട് മുഖേനയും പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം ഓൺലൈനായി ബാങ്ക് അക്കൗണ്ട് മുഖേനയും നൽകി വരുന്നു. ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം തുടങ്ങിയ പദ്ധതി പ്രകാരം പട്ടികജാതി ജനവിഭാഗത്തിന് ലഭ്യമാക്കേണ്ട ധനസഹായം |

| | | | |
|---|---|---|---|
| | | | ബാങ്ക് അക്കൗണ്ടിലൂടെയും നൽകി വരുന്നു. പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ സാമ്പത്തികാനുകൂല്യങ്ങളും പൂർണ്ണമായും ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മേൽ സാഹചര്യത്തിൽ പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാതെ ചൂഷണത്തിനിരയാകുന്ന സാഹചര്യം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ